6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)

(ബി) ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) എല്ലാ ജില്ലകളിലും അഭ്യസ്തവിദ്യർക്കായുള്ള മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊഴിൽ പരിശീലനം ലക്ഷ്യമാക്കി സ്വകാര്യ ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് റീ-ഇംബേഴ്സ്മെന്റും നൽകിവരുന്നുണ്ട്. അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ മത്സര പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനായി 16 CCMY-കളും 20 സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ**

189 (3280) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഇതിന്റെ കീഴിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ന്യൂനപക്ഷ ഡയറക്ടറേറ്റിന്റെ ഓഫീസുകൾ ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ;

(ഡി) വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾ സംബന്ധിച്ച മോണിട്ടറിംഗിന് എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 19/2011/പൊ.ഭ.വ. പ്രകാരം പൊതുഭരണ വകുപ്പിൽ രൂപീകരിച്ച ന്യൂനപക്ഷസെല്ലിനെ ന്യൂനപക്ഷ വകുപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിനുകീഴിൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലും ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ന്യൂനപക്ഷക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള അവസരങ്ങൾ.
2. സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകൽ.
3. ഉറുദു ഭാഷ പഠിപ്പിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുക.
4. മദ്രസ്സാ വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുക.
5. ന്യൂനപക്ഷ വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക.
6. മൗലാനാ ആസാദ് എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ മുഖേന വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.
7. പാവപ്പെട്ടവർക്കായുള്ള സ്വയംതൊഴിലും വേതനം മുഖേനയുള്ള തൊഴിലും.
8. സാങ്കേതിക പരിജ്ഞാനത്തിലൂടെ കഴിവ് വികസിപ്പിക്കുക.
9. സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ലോണുകൾ മുഖേനയുള്ള പിന്തുണ.
10. സംസ്ഥാന-കേന്ദ്ര സർക്കാർ സർവ്വീസുകളിലേക്കുള്ള നിയമനം
11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്.
12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന ചേരിപ്രദേശങ്ങളുടെ ഉന്നമനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Page 3 of 3

13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ.

14. സാമുദായിക കുറ്റങ്ങൾക്കെതിരായുള്ള ശിക്ഷണ നടപടികൾ.

15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം.

(ഡി) ഉണ്ട്. പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാനതലത്തിൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗം കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നുണ്ട്.

### ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന ഭവനപദ്ധതി

190 (3281) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന പാവപ്പെട്ടവർക്കുള്ള ഭവന പദ്ധതിയനുസരിച്ച് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) വീട് വയ്ക്കുന്നതിനുള്ള സഹായം എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പ് നടപ്പിലാക്കുന്ന ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. നിയോജക മണ്ഡലം തിരിച്ചുള്ള അപേക്ഷകരുടെ വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. കോട്ടയ്ക്കൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ ആകെ 3044 അപേക്ഷകരുണ്ടായിരുന്നു. ഇതിൽനിന്ന് അർഹരായ 260 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും അതത് ജില്ലകൾക്ക് അനുവദിച്ച വീടുകൾക്ക് ആനുപാതികമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. ജില്ലകളിൽ ലഭ്യമായ അപേക്ഷകളിൻമേൽ ഫീൽഡ് വെരിഫിക്കേഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ മാനദണ്ഡപ്രകാരം വീട്ടുപണിയുടെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂന്നു ഗഡുക്കളായി തുക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly